# Weekly - Devotion - 2017 March
# The Lord who upholds the righteous

## ( നീതിമാന്മാരെ താങ്ങുന്ന യഹോവ)



ഒരിക്കൽ ഒരു വ്യക്തി തന്റെ ജീവിതത്തിൽ തന്നെ താങ്ങിയ ദൈവത്തെ രുചിച്ചറിഞ്ഞ ഒരു സംഭവം വിവരിക്കുകയുണ്ടായി. ഒരു തുക ബാങ്കിൽ നിക്ഷേപിച്ചാൽ ജോലി ലഭിക്കുമെന്നറിഞ്ഞ് പണം പലിശയ്ക്ക് വാങ്ങി ആ ബാങ്കിൽ നിക്ഷേപിച്ചു. ബാങ്ക് അധികാരികൾ ജോലിയും നൽകി. പ്രാർത്ഥനാ ജീവിതമുള്ള ആളാകയാൽ താൻ ജോലി ചെയ്യുന്ന സ്ഥാപനത്തിനു വേണ്ടിയും വളരെ അധികം പ്രാർത്ഥിക്കുന്ന ഈ വ്യക്തിയെ ദൈവവും ശ്രദ്ധിച്ചിരുന്നു. ആ നാളുകളിലൊരു ദിവസം അദ്ദേഹത്തെ ആരോ തട്ടി വിളിച്ച് നിന്റെ ജോലി ഇതല്ല വേഗം നിക്ഷേപിച്ച പണം പിൻവലിക്കുക എന്ന് പറയുന്നതായി തോന്നി. കണ്ണ് തുറന്നപ്പോൾ ആരെയും കണ്ടില്ല, വേഗം എഴുന്നേറ്റിരുന്ന് പ്രാർത്ഥിച്ചു. സങ്കീ (91:11) ദൈവം തന്നോട് ആവർത്തിച്ചു സംസാരിക്കുന്നു എന്ന് മനസ്സിലാക്കിയ വ്യക്തി താൻ ബാങ്കിൽ ഇട്ട പണം പിൻവലിയ്ക്കുകയും, ജോലി രാജി വയ്ക്കുകയും ചെയ്തു. അതിന്റെ അടുത്ത മാസം ആ ബാങ്ക് പൊളിയുകയും നിക്ഷേപകരുടെ പണം നഷ്ടമാക്കുകയും ചെയ്തു.

ഞാൻ വീഴാതെ എന്നെ താങ്ങുവാൻ എന്റെ ദൈവം തന്റെ വലങ്കരം നീട്ടിയതാണ് എന്ന് പൂർണ്ണമായി വിശ്വസിക്കുന്നു എന്ന് നിറകണ്ണുകളോടെ അദ്ദേഹം വ്യക്തമാക്കി. ദൈവത്തിന്റെ വലങ്കരം അവന്റെ ശക്തിയുടെ, സംരക്ഷണത്തിന്റെ സർവ്വശക്തന്റെ കൃപയുടെയും സ്നേഹത്തിന്റെയും അടയാളമാണ്. അവന്റെ സന്നിധിയിൽ വസിക്കുന്ന യഹോവ ഭക്തനും, ദോഷം നിരൂപിക്കാത്തവനുമായ വ്യക്തിയ്ക്ക് ആ സംരക്ഷണം ലഭിക്കുന്നു.

Righteousness is the state of moral perfection required by God to enter Heaven.

നീതിമാനായ യോസഫ് (മത്താ: 1:19) ഹേരോദാവിൽ നിന്നും മറിയയേയും പൈതലിനെയും രക്ഷിഷാൻ എഴുന്നേറ്റ് പുറപ്പെട്ടു. കർത്താവിന്റെ ദൂതനാണ് സ്വപ്നത്തിൽ ആ നിർദ്ദേശം നൽകിയത്, കൂടാതെ "മിസ്രയീമിലേക്ക് ഓടിപ്പോയി ഞാൻ നിന്നോട് പറയും വരെ അവിടെ പാർക്കുക" എന്ന നിർദ്ദേശവും നൽകി. (മത്താ : 2:13).

പ്രതികൂലത്തിൽ നിന്നും രക്ഷപെടുവാൻ നാം ആയിരിക്കുന്നിടത്തു നിന്നും **എഴുന്നേല്ക്കുക** എന്ന നിർദ്ദേശം യേശു പലപ്രാവശ്യം നമുക്കും തന്നിട്ടില്ലേ. പ്രതികൂലം മാറുവാൻ ആഗ്രഹിക്കുന്ന നാം ഇരിക്കുന്നിടത്തു നിന്നും ഒരിക്കലും എഴുന്നേല്ക്കുവാൻ തയാറാകുന്നില്ല, മയങ്ങാതെ, ഉറങ്ങാതെ സംരക്ഷിക്കുന്ന പ്രീയന്റെ വാക്ക് ശ്രദ്ധയോടെ കേട്ട് അനുസരിക്കണം എന്ന് തീരുമാനിക്കുക.

അതിനായി ഒന്നാമതായി നാം ചെയ്യേണ്ടത് താല്പര്യത്തോടെ അന്വേഷിക്കണം, യെഹോശാഫാത്ത് ശത്രുക്കളെ കണ്ട് ഭയന്നപ്പോൾ അപ്രകാരമാണ് പ്രവർത്തിച്ചത് (2 ദിന:20:2-4). Seeking the Lord means seeking His presence, രണ്ടാമതായി താല്പര്യത്തോടെ അന്വേഷിഷാൻ ആഗ്രഹിച്ച വ്യക്തി ഒരു ഉപവാസം പ്രസിദ്ധം ചെയ്തു. സഹായം യഹോവയോട് ചോദിഷാൻ ഒന്നിച്ചുകൂടിയ ജനം പശ്ചാത്താപ ഹൃദയത്തോടെ പ്രാർത്ഥിച്ചു.

(2 ദിന : 20:4) അടുത്തതായി ഉള്ള അവസ്ഥ ദൈവത്തോട് പറഞ്ഞു (2 ദിന: 20:12) ഇന്ന് പ്രശ്ന പരിഹാരം ദൈവത്തോടു പറയാതെ, ദൈവസന്നിധിയിലിരിക്കാതെ, അതിവേഗ പരിഹാരത്തിന് കള്ള പ്രവാചകരേയും കൊട്ടേഷൻ ഗ്രൂപ്പിനെയുമാണ് സമീപിക്കുന്നത്. ദയവുചെയ്ത് അതിൽ വീഴരുത്. നാലാമതായി യഹോവയുടെ മറുപടി ശ്രദ്ധയോട് കേട്ട അനുസരിച്ചു ക്ഷമയോടെ കാത്തിരുന്ന് പ്രവർത്തിച്ചാലേ ഫലം ലഭിക്കുകയുള്ളു. എതിർക്കുവാൻ വന്നവരോട് നിങ്ങൾ പൊരുതേണ്ട ആവശ്യമില്ല, യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും, അവൻ നിങ്ങളോടു കൂടെയുണ്ട്, നാളെ അവരുടെ നേരെ ചെല്ലുവീൻ എന്ന് ലഭിച്ച നിർദ്ദേശം ജനം അനുസരിച്ചു (2 ദിന: 20 : 15 - 20). ഇതെന്തു തീരുമാനം എന്ന് കരുതിയവർക്ക് തെറ്റി. പറഞ്ഞതെന്തോ അതനുസരിക്കുന്നവർക്ക് വേണ്ടി മാത്രമേ യഹോവ യുദ്ധം ചെയ്യുകയുള്ളു അഥവാ സഹായഹസ്തം നീട്ടുകയുള്ളു. അനുസരക്കേട് കാട്ടിയാൽ വലങ്കരത്തിന്റെ ശക്തി ലഭിക്കുകയില്ല. ഉപവസിച്ച് പ്രാർത്ഥിച്ച ജനം പാടി സ്തുതിച്ചപ്പോൾ ശത്രുവിനോട് പൊരുതി തോല്പിച്ചത് യഹോവ അയച്ച പതിയിരിഷുകാരായിരുന്നു.

പ്രീയരേ! നീതിമാന്മാരായി ജീവിച്ചാൽ മാത്രമേ വീഴാതെ അവൻ നമ്മെ താങ്ങുകയുള്ളു നമ്മുടെ ശരീരമാകുന്ന ആലയം പണിത് ക്രിസ്തുവാകുന്ന പെട്ടകം അതിനുള്ളിൽ സൂക്ഷിക്കുക മാത്രമല്ല ആലയത്തിലെ പാത്രങ്ങളും വിശുദ്ധമായി നമുക്ക് അവിടെ എത്തിക്കണം. നമ്മുടെ കുടുംബത്തെയും നമുക്ക് യഹോവയുടെ കരത്തിലെത്തിക്കാം. നമ്മുടെ തലമുറകളും അദ്ദേഹത്തിന്റെ കരത്തിലെ മാനപാത്രങ്ങളാകുവാൻ ദൈവം കൃപചെയ്യട്ടെ.

**പ്രാർത്ഥന**

മയങ്ങാതെ, ഉറങ്ങതെ ഞങ്ങളെ പരിപാലിക്കുന്ന ദൈവമേ, ഞങ്ങളുടെ ജീവിതത്തെ രൂപപ്പെടുത്തുവാൻ കൂടെയുള്ളതിനായി സ്തോത്രം. വീഴുവാനായി ശത്രു എന്നെ തള്ളിയപ്പോഴും എന്നെ സഹായിച്ച, വീഴ്യം

പ്രവർത്തിച്ച അങ്ങയുടെ വലങ്കരത്തിന് നന്ദി അങ്ങയുടെ വാക്കുകേട്ടനുസരിപ്പാൻ കൃപതരേണമേ യേശുവിൻ നാമത്തിൽ തന്നെ.

ആമേൻ


**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind